# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2202 11.02.2020-ൽ മറുപടി നൽകേണ്ടത്.

## സ്പെഷ്യൽ സ്കൂളുകൾക്ക് സാമ്പത്തിക സഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അനൂപ് ജേക്കബ് | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് സർക്കാർ ഗ്രാന്റ് നൽകിവരുന്നുണ്ടോ; എങ്കിൽ ഈ ഇനത്തിൽ 2018-19, 2019-20 വർഷങ്ങളിൽ എത്ര രൂപ വീതം നൽകിയെന്നും അറിയിക്കുമോ; | (എ)<br>(ബി) & (സി) | സംസ്ഥാനത്ത് മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് 2018-19, 2019-2020 വർഷങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ധനസഹായമായി യഥാക്രമം 14 കോടി രൂപ , 14.5 കോടി രൂപ എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ പാക്കേജിന്റെ ഭാഗമായി 07.09.2019 തീയതിയിലെ സ.ഉ (സാധാ) 7242/2019/ധന നമ്പർ ഉത്തരവ് പ്രകാരം 25 കോടി രൂപയുടെ അധിക തുക അനുവദിച്ച് നൽകിയിട്ടുമുണ്ട്. മാനസിക/ഭൗതിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസം (Special Education) സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 30.08.2019 ലെ സ.ഉ (കൈ) 133/2019/പൊ.വി.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | മരുന്ന്, ഫിസിയോതെറാപ്പി, റീ-ഹാബിലിറ്റേഷൻ പ്രവർത്തികൾ, ട്രാൻസ്പോർട്ട് തുടങ്ങിയ ഇനങ്ങളിൽ ഏത് ഇനത്തിൽ സ്പെഷ്യൽ സ്കൂളുകൾക്ക് സാമ്പത്തികസഹായം ലഭ്യമാക്കേണ്ടത് എന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ്/സർക്കുലർ നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ; | | |
| (സി) | അവശ്യം വേണ്ട ചില ഇനങ്ങളിൽ സ്കൂളുകളുടെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നത് സർക്കാർ പരിഗണിക്കുമോ എന്നറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ